കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കോവിഡ്-19- വൃദ്ധസദനങ്ങളിൽ കഴിയുന്നവരുടെയും വീടുകളിൽ റിവേഴ്സ് ക്വാറന്റൈനിൽ കഴിയുന്ന പ്രായമായവരുടെയും ആരോഗ്യ പ്രശ്നങ്ങളും അടിയന്തര ആവശ്യങ്ങളും പരിഹരിക്കുന്നതിനും കോവിഡിൽ നിന്നും പ്രതിരോധിക്കുന്നതിനുള്ള നടപടികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ)നം. 376/2020/സാനീവ. തീയതി. തിരുവനന്തപുരം ,12.08.2020.

==========================================================================

പരാമർശം: 1) സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.08.2020 ന് കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

2) 04.04.2020 ലെ സ.ഉ.(സാധാ) 09/2020/SPD.

3) 12.06.2020 ലെ സ.ഉ.(സാധാ) 12/2020/SPD.

4) സാമൂഹ്യനീതി ഡയറക്ടറുടെ 06.08.2020 ലെ SJD/2696/2020-SC2 നമ്പർ കത്ത്.

5) ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് സെക്രട്ടറിയും പങ്കെടുത്ത 11.08.2020 ലെ യോഗ തീരുമാനങ്ങൾ.

## ഉത്തരവ്

കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്കും വീടുകളിൽ റിവേഴ്സ് ക്വാറന്റൈനിൽ കഴിയുന്ന പ്രായമായവർക്കുമായി നടപ്പാക്കേണ്ട അടിയന്തര നടപടികൾ സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.08.2020 ന് ചേർന്ന യോഗം ചർച്ച ചെയ്യുകയുണ്ടായി. വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അടിയന്തര ആരോഗ്യ പരിശോധനകൾ നടത്തണമെന്നും, വീടുകളിൽ റിവേഴ്സ് ക്വാറന്റൈനിൽ കഴിയുന്ന പ്രായമായവരുടെ ആരോഗ്യ പ്രശ്നങ്ങളും അടിയന്തര ആവശ്യങ്ങളും അറിയുന്നതിനും പരിഹരിയ്ക്കുന്നതിനും, കോവിഡിൽ നിന്ന് പ്രതിരോധിക്കുന്നതിനുള്ള നടപടികൾക്കുമായി ജില്ലാതലത്തിൽ നിലവിലുള്ള വയോജനസെൽ വിപുലീകരിക്കുകയും കോൾ സെന്റർ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് സെക്രട്ടറിയും പങ്കെടുത്ത 11.08.2020 ലെ യോഗം, കോവിഡ്-19 നിയന്ത്രിക്കുന്നതിന് അടിയന്തര നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊള്ളണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സ്വീകരിയ്ക്കേണ്ട നടപടികൾ പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൃദ്ധസദനങ്ങളിലും വീട്ടുകളിൽ റിവേഴ്സ് ക്വാറന്റൈനിലും കഴിയുന്ന പ്രായമായവരുടെ ആരോഗ്യപ്രശ്നങ്ങളും അടിയന്തര ആവശ്യങ്ങളും അറിയുന്നതിനും പരിഹരിക്കുന്നതിനുമായി, താഴെ പറയുന്ന നടപടികൾ കൈക്കൊള്ളാൻ ഇതിനാൽ ഉത്തരവാകുന്നു.

i. സംസ്ഥാനത്തെ 47 ലക്ഷത്തോളം വരുന്ന വയോജനങ്ങളുടെ ആരോഗ്യ സംബന്ധവും മറ്റുമായ പ്രശ്നങ്ങൾ പരിഹരിക്കാനായി മൂന്നു തലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്.

a) അംഗൻവാടി വർക്കർ, ആശാവർക്കർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുൾപ്പെട്ട നിലവിലുള്ള ടീം ഫോൺ മുഖാന്തിരം നിരന്തരം ബന്ധപ്പെട്ട് വീട്ടുകളിൽ കഴിയുന്ന വയോജനങ്ങളുടെ ആരോഗ്യസ്ഥിതി മനസ്സിലാക്കേണ്ടതാണ്. ആരോഗ്യകാര്യത്തിൽ ആശങ്ക ഉള്ളവരേയും രോഗം ഉണ്ടെന്ന് സംശയിക്കുന്നവരേയും ജില്ലാതല കോൾ സെന്ററിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ടെലി മെഡിസിൻ യൂണിറ്റുമായി ബന്ധപ്പെടാൻ നിർദ്ദേശിക്കേണ്ടതുമാണ്.

b) ടെലി മെഡിസിൻ യൂണിറ്റിന്റെ സേവനം ആവശ്യമുള്ളവർ വീഡിയോ കോൾ മുഖാന്തിരം ബന്ധപ്പെട്ട് രോഗവിവരങ്ങൾ മനസ്സിലാക്കുകയും രോഗപ്രതിരോധത്തിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

c) ഏതെങ്കിലും ആൾക്കാർക്ക് നേരിട്ടുള്ള പരിശോധന ആവശ്യമുണ്ടെന്നു തോന്നുന്നുണ്ടെങ്കിൽ ഡോക്ടർമാരുൾപ്പെടെയുള്ള വയോമിത്രം ടീം ഗൃഹസന്ദർശനം നിർദ്ദേശിക്കുകയും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്.

ii. സംസ്ഥാനത്തെ 619 വൃദ്ധസദനങ്ങളിൽ കഴിയുന്ന 21000-ഓളം വരുന്ന വയോജനങ്ങളെ എല്ലാവരെയും ഒരാഴ്ചയ്ക്കകം ആന്റിജൻ ടെസ്റ്റിന് വിധേയമാക്കേണ്ടതാണ്. ഇതിനായി PHC/CHC യിലുള്ള ജീവനക്കാരെ ആരോഗ്യ വകുപ്പ്/ NHM ഉം വയോമിത്രം മെഡിക്കൽ ടീമിനെ സാമൂഹ്യ സുരക്ഷാ മിഷനും ഏർപ്പെടുത്തേണ്ടതാണ്. വൃദ്ധസദനങ്ങളിലെയും അതിലെ താമസക്കാരുടെയും പേരുവിവരം സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കേണ്ടതും ഇത് സംബന്ധിച്ച ആക്ഷൻ പ്ലാൻ, ആരോഗ്യവകുപ്പ് NCD ഡിവിഷൻ നോഡൽ ഓഫീസർ തയ്യാറാക്കേണ്ടതുമാണ്. ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനാവശ്യമായ മരുന്നുകൾ KMSCL, കാരുണ്യ ഫാർമസികൾ, ഇൻ ഹൗസ് ഡ്രഗ്ഗ് ബാങ്ക് എന്നിവ മുഖാന്തിരം വാങ്ങി നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

iii. ജില്ലാ വയോജനസെൽ നോഡൽ ഓഫീസറായി ജില്ലാ സാമൂഹ്യനീതി ഓഫീസറെ നിയമിക്കുന്നു. ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി DMO (NCD), വനിതാ ശിശുവികസന വകുപ്പ് പ്രോഗ്രാം ഓഫീസർ/സി.ഡി.പി.ഒ., വയോമിത്രം കോ-ഓർഡിനേറ്റർ (KSSM), കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ, ടെക്നിക്കൽ അസിസ്റ്റന്റ് (മെയിന്റനൻസ് ട്രൈബ്യൂണൽ) എന്നിവർ ഈ സെല്ലിൽ അംഗങ്ങളായിരിക്കുന്നതാണ്. എല്ലാ ദിവസവും ടി സെൽ ജില്ലയിലെ വിവിധ യൂണിറ്റുകളിലെ വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഡി.എം.ഒ.യുടെയോ ജില്ലാ കളക്ടറുടെയോ സഹായം തേടി നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

iv. Data സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തിക്കൊണ്ടും ഓരോ ജില്ലയ്ക്കും പ്രത്യേകം കോൾ സെന്റർ സജ്ജീകരിക്കേണ്ടതാണ്. സൂചനകൾ 2 ലെയും 3 ലെയും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികളിലൂടെ, സോഫ്റ്റ് വെയർ ഫോൺ കണക്ഷൻ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ എല്ലാ ജില്ലയിലും ഒരാഴ്ചയ്ക്കകം സാമൂഹ്യനീതി

ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്. ഇതിനായി, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ചെയർപേഴ്സണായും, സാമൂഹ്യനീതി ഡയറക്ടർ കൺവീനറായും, കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ഐ.ടി. വകുപ്പിലെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുത്തരവാകുന്നു. ടി ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഇതിനു ആവശ്യമായ ഫണ്ട് നിലവിലുള്ള ശീർഷകങ്ങളിൽ (അവ വ്യത്യസ്ത ആവശ്യങ്ങൾക്കാണെങ്കിൽ പോലും) ചെലവഴിക്കാനും ഡയറക്ടർമാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

v. കോൾ സെന്റർ ഡ്യൂട്ടിയ്ക്കായി ഷിഫ്റ്റ് അടിസ്ഥാനത്തിൽ അധ്യാപകരടക്കം വിവിധ തലത്തിലുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കേണ്ടതാണ്. രാവിലെ 6 മുതൽ ഉച്ചയ്ക്ക് 2 വരെ ആദ്യ ഷിഫ്റ്റും ഉച്ചയ്ക്ക് 2 മുതൽ രാത്രി 10 വരെ രണ്ടാമത്തെ ഷിഫ്റ്റും പ്രവർത്തിയ്ക്കേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ ജില്ലാകളക്ടർമാർ ഏർപ്പെടുത്തേണ്ടതാണ്. കോൾ സെന്റർ ഡ്യൂട്ടിയ്ക്ക്, ICDS സൂപ്പർവൈസർമാർ/അംഗനവാടി വർക്കർ, വാളന്റിയർമാരായി യുവജനക്ഷേമ വകുപ്പിന്റെ സന്നദ്ധ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ വോളന്റിയർമാർ എന്നിവരെയും നിയോഗിക്കേണ്ടതാണ്. ഉദ്യോഗസ്ഥരെ നിയോഗിക്കാനുള്ള ഉത്തരവ് ജില്ലാ കളക്ടർമാർ പ്രത്യേകമായി പുറപ്പെടുവിക്കേണ്ടതാണ്.

vi. കെയർ ഹോമിനു പുറത്തുള്ള വയോജനങ്ങളുടെ വിവരങ്ങൾ പരിശോധിയ്ക്കുന്നതിനായി കുടുംബശ്രീയുടെ Grant Care App ഉപയോഗിക്കേണ്ടതാണ്. ധാരാളം വയോജനങ്ങളെ ഒരേ സമയം വിളിയ്ക്കേണ്ടതിനാൽ, കമ്പ്യൂട്ടറും മറ്റ് സൗകര്യങ്ങളും ഉള്ള ഓഫീസോ, കമ്പ്യൂട്ടർ ലാബ് സൗകര്യവും യാത്രാ സൗകര്യവും ഉള്ള സ്കൂളുകളോ, ജില്ലാ കളക്ടർമാർ ഏർപ്പെടുത്തേണ്ടതാണ്.

vii. വനിതാശിശുവികസന വകുപ്പ് ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റിലെ മുഴുവൻ വയോജനങ്ങളെയും കോൾ സെന്ററിൽ നിന്നും 10 ദിവസത്തിനുള്ളിൽ ബന്ധപ്പെടേണ്ടതും അതിൽ തുടർ നടപടികൾ ആവശ്യമുള്ളവരുടെ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്.

viii. കോൾ സെന്ററിന്റെ പ്രവർത്തനങ്ങൾ, ജില്ലാതല വയോജന സെൽ, മോണിറ്റർ ചെയ്യേണ്ടതും പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി, അതാത് ദിവസം തന്നെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ടി റിപ്പോർട്ട്, ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് സെക്രട്ടറി എന്നിവരുടെ ഓഫീസിലേയ്ക്കും അതാത് ദിവസം തന്നെ ലഭ്യമാക്കേണ്ടതാണ്.

ix. കോവിഡ് പരിശോധന നടത്തുമ്പോൾ കൂടുതൽ പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ, വൃദ്ധസദനങ്ങളെ തന്നെ CFLTC (Covid First Line Treatment Centre) ആക്കേണ്ടതാണ്. ഒന്നോ രണ്ടോ പോസിറ്റീവ് കേസുകളാണ് ഉള്ളതെങ്കിൽ അടുത്ത CFLTC യിൽ അഡ്മിറ്റ് ചെയ്യേണ്ടതുമാണ്.

x. മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, കേരളാ സാമൂഹ്യ സുരക്ഷാമിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഐ.ഇ.സി. കാമ്പയിൻ ഉടൻ ആരംഭിക്കേണ്ടതാണ്.

3) സാമൂഹ്യനീതി വകുപ്പിനും വനിതാ ശിശുവികസന വകുപ്പിനും, കേരള സാമൂഹ്യ സുരക്ഷാ മിഷനും ഇതിനകം ഭരണാനുമതി ലഭിച്ചതും വിവിധ സ്കീമുകൾക്കായി നീക്കിവെച്ചിരിക്കുന്നതുമായ ഫണ്ടുകൾ മേൽ പ്രസ്താവിച്ച കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾക്കായി 'വിനിയോഗിക്കേണ്ടതും, പിന്നീട് സാധൂകരണത്തിനായും, ടി ഫണ്ട് തിരികെ വീണ്ടെടുക്കുന്നതിനായും സർക്കാരിനെ സമീപിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
സെക്രട്ടറി.

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
വനിതാ ശിശുവികസന ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ (എ & ഇ))കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർമാർ
മാനേജിംഗ് ഡയറക്ടർ, വനിതാവികസന കോർപ്പറേഷൻ, തിരുവനന്തപുരം.
വിവര സാങ്കേതിക വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം)വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.